LIBRARY ARCHIVES Kerala Legislative Assembly

പതിമൂന്നാം ധനകാര്യകമ്മീഷൻ ശിപാർശകൾ

119 (125) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എത്ര തുക വീതം ശിപാർശ ചെയ്തിരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) 31-3-2015 വരെ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന് വിവിധ ഇനങ്ങളിലായി എത്ര തുക വീതം ലഭ്യമായി എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും ശിപാർശകൾ 13-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടായിരുന്നുവോ ; വിശദാംശം വെളിപ്പെടുത്തുമോ ; ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ?

(ഡി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം എന്തെങ്കിലും 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച സാമ്പത്തിക സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) 13-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് മുഴുവനായും സർക്കാർ വിനിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വിനിയോഗിക്കാത്ത തുകകൾ/പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ താഴെപ്പറയുന്ന ധനലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി ഒരു ധനദൃഢീകരണപാത ശിപാർശ ചെയ്തിരുന്നു.

ഇനം	വർഷം			
	2011-12	2012-13	2013-14	2014-15
റവന്യൂ കമ്മി	1.4	0.9	0.5	0.0
ധനകമ്മി	3.5	3.5	3.0	3.0
കടം/GSDP യുടെ ശതമാന കണക്ക്	32.3	31.7	30.7	29.8

ഇതിന്റെ അടിസ്ഥാനത്തിൽ കേരള ധന. ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്തിരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ഡി) ധനകാര്യ കമ്മീഷൻ ശിപാർശചെയ്ത സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ് ലഭിക്കുന്നതിന് ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധനദുഡീകരണ പാത ഉൾപ്പെടുത്തി ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്തിരുന്നു. ഇതുപ്രകാരം സംസ്ഥാന സർക്കാർ ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുകയും സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റായി 2011-15 കാലയളവിൽ 1050.65 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്നും സംസ്ഥാനങ്ങൾക്കുള്ള ലോണുകൾ 2009-10 വരെ ബാക്കിയുള്ള തുക (ധനമന്ത്രാലയം ഒഴികെ) എഴുതിത്തള്ളിയതിന്റെ അടിസ്ഥാനത്തിൽ 51.825 കോടി രൂപ 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

2014-15 സാമ്പത്തിക വർഷം ഇന്ധന, റോഡ്, വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുക

120 (126) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം ഇന്ധന, റോഡ്, വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാരിലേക്ക് അടച്ച തുക എത്രയെന്നും ഇതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നികുതിയിനങ്ങളിൽ 2014-15 സാമ്പത്തികവർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയ തുക എത്ര ;

(സി) 2014-15 വർഷത്തിൽ സംസ്ഥാന സർക്കാർ എത്ര തുകയുടെ നികുതി ഇളവ് നൽകി ; ഇതിലൂടെ എത്ര തുകയുടെ വരുമാനക്കുറവ് ഉണ്ടായെന്ന വ്യക്തമാക്കുമോ ;

(ഡി) പിരിച്ചെടുത്ത നികുതി തുകയിൽ എത്ര തുക സംസ്ഥാന സർക്കാർ റോഡ് വികസനത്തിനായും റോഡ് നിർമ്മാണപ്രവൃത്തികൾക്കായും ചെലവാക്കി ; കേന്ദ്രസർക്കാർ ഇതിലേയ്ക്ക് എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly